ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഇതിനുമുമ്പു പി. എസ്. സി. യിൽ നിന്നും 45 പേരെ സബ് ഇൻസ്പെക്ടർ പോസ്റ്റിലേക്കു സെലക്ട് ചെയ്യുകയുണ്ടായി. ഒടുവിൽ ആ സെലക്ഷൻ ക്യാൻസൽ ചെയ്യുകയും ചെയ്തു. അതിലുള്ള ആരെയെങ്കിലും ഇപ്പോഴും സെലക്ട് ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പബ്ലിക്കു് സർവ്വീസ് കമ്മീഷനിൽ നിന്നും ഐ. ജി. യ്ക്കു് 1963-ൽ സബ് ഇൻസ്പെക്ടർ പോസ്റ്റിലേക്കു് എത്ര വേക്കൻസി ഉണ്ടാകാൻ ഇടയുണ്ടെന്നു് ചോദിച്ചിരുന്നതിനു് ഉത്തരമായി 45 വേക്കൻസി ഉണ്ടാകാൻ ഇടയുണ്ടെന്നു് അറിയിച്ചു. പബ്ലിക്കു് സർവ്വീസ് കമ്മീഷൻ 45 പേരെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷയാണു് അതെന്നു് തെറ്റിദ്ധരിച്ചുകൊണ്ടു് 45 പേരെ സബ് ഇൻസ്പെക്ടർ പോസ്റ്റിലേക്കു സെലക്ട് ചെയ്തു, അവരുടെ പേരു് അടങ്ങുന്ന ഒരു ലിസ്റ്റ് ഐ. ജി. ക്കു അയച്ചുകൊടുത്തതു യഥാർത്ഥത്തിൽ ഉണ്ടാകാവുന്ന വേക്കൻസി എത്രയാണെന്നു് അറിയിക്കുക മാത്രമാണു് ഐ. ജി. ചെയ്തതു്. അതുകൊണ്ടു് ആ ലിസ്റ്റ് ക്യാൻസൽ ചെയ്യണമെന്നു് പബ്ലിക്കു് സർവ്വീസ് കമ്മീഷനെ അറിയിച്ചു. അപ്രകാരം ആ ലിസ്റ്റ് പബ്ലിക്കു് സർവ്വീസ് കമ്മീഷൻ ക്യാൻസൽ ചെയ്യുകയും ചെയ്തു. അതിനുശേഷം തിരഞ്ഞെടുക്കപ്പെട്ടവരാണു് ഈ ഇരുപത്തിനാലുപേർ.

ശ്രീ. എം. നാരായണക്കുറുപ്പ് : ചില പ്രത്യേക യോഗ്യതകളുണ്ടെങ്കിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനു് സബ് ഇൻസ്പെക്ടർ പോസ്റ്റിലേക്കു് അപേക്ഷിക്കാമെന്നു് മുമ്പൊരിക്കൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ തിരഞ്ഞെടുത്ത 24 പേരുടെ കൂട്ടത്തിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ളവർ ഉണ്ടോ ? ഉണ്ടെങ്കിൽ എത്രയാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതിനെ സംബന്ധിച്ചുള്ള വിവരം ഇപ്പോഴത്തെ എന്റെ കൈവശമില്ല.

നേഴ്സസ് അസോസിയേഷന്റെ മെമ്മോറാണ്ടം

* 939. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹോസ്പിറ്റൽ നേഴ്സസ് അസോസിയേഷൻ ഗവണ്മെന്റിലേക്കു് എന്തെങ്കിലും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതിനെ സംബന്ധിച്ചു് ഗവണ്മെന്റു് എടുത്ത നടപടികൾ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ടു്.

(ബി) ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു് *

(സി) ഗവണ്മെന്റു് അതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇവിടെയുള്ള നേഴ്സുമാരുടെ ശമ്പളം മദ്രാസിലുള്ള നേഴ്സുമാർക്ക് അലോട്ട് ചെയ്തിട്ടുള്ള ശമ്പളത്തോടു തുല്യമാക്കുന്നതിനെപ്പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അവർ സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം ഇതാണു്. മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പറ്റി ഗവണ്മെന്റിൽനിന്നും പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. * അതിലൊരു അവസാന തീരുമാനമായിട്ടില്ല.

Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ഓ. അയിഷാബായി : കഴിഞ്ഞ കാലങ്ങളിൽ വളരെ യധികം സ്ത്രീസുള്ള നേഴ്സുമാക്ക് പ്രമോഷൻ കൊടുക്കാമെന്നു പറഞ്ഞിരുന്നുവെങ്കിലും ഇതുവരെയും അവരുടെ പ്രമോഷൻ അനുസരിച്ചുള്ള ഒരു കാര്യവും ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ലെന്നുള്ളതു് അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങനെയൊരു കാര്യം ഇതുവരെയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേകമായിട്ട് ഉന്നയിച്ചാൽ അതിനെപ്പറ്റി പരിശോധിക്കാവുന്നതാണു്.

ശുദ്ധജല വിതരണം

* 940. [3] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-63 സാമ്പത്തിക വർഷത്തിൽ വില്ലേജ് വാട്ടർസപ്ലൈ സ്കീം അനുസരിച്ചു് ഏതൊക്കെ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം ചെയ്യുന്നതിനു തീരുമാനിച്ചു ;

(ബി) അവയിൽ ഏതെല്ലാം പൂർത്തിയായി ;

(സി) അവ എല്ലാംതന്നെ തൃപ്തികരമായി നടത്തപ്പെടുന്നുണ്ടോ ;

(ഡി) എറണാകുളം ജില്ലയിൽ ചേന്നൂർ പ്രദേശത്തു് സ്ഥാപിച്ച ശുദ്ധജലവിതരണ സ്കീം അനുസരിച്ചു് നല്ല വെള്ളംതന്നെ വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ എം. പി. ഗോവിന്ദൻ നായർ) :

(എ) 1962-63 സാമ്പത്തിക വർഷത്തിൽ വില്ലേജ് വാട്ടർ സപ്ലൈ സ്കീമനുസരിച്ചു് ശുദ്ധജലവിതരണം ചെയ്യുന്നതിനു നിശ്ചയിച്ച സ്ഥലങ്ങളുടെ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ബി) ആറു്. പേരു് വിവരം മേൽപ്പറഞ്ഞ സ്റ്റേറ്റുമെൻറിൽ പ്രത്യേകം കാണിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ചേന്നൂർ സ്കീമിൽനിന്നും കിട്ടുന്ന ജലം തൃപ്തികരമല്ലാത്തതിനാൽ ശുദ്ധജലം ലഭിക്കുന്നതിനു വേണ്ട സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ടു്

ശ്രീ. കെ. ആർ. വിജയൻ : ഇവിടെ തന്നിട്ടുള്ള സ്റ്റേറ്റുമെൻറിൽ ആകെ 61 വാട്ടർ സപ്ലൈ സ്കീമുകളാ ആരംഭിച്ചിട്ടു് അതിൽ ആറു് എണ്ണം മാത്രമാണു് പൂർത്തിയാക്കിയിട്ടുള്ളതെന്നു് കാണുന്നു. ബാക്കിയുള്ളതു് പൂർത്തിയാക്കാതിരിക്കുന്നതിനുള്ള കാരണമെന്തു് ? കഴിയുന്നതും വേഗം അതു് പൂർത്തിയാക്കാനുള്ള സത്വരനടപടികളും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ബാക്കി പൂർത്തിയാക്കാനുള്ളതിൻെറ പണികളും നടന്നുകൊണ്ടിരിക്കുകയാണു്. അവിടേയ്ക്കു ആവശ്യമുള്ള പൈപ്പുകളും ഇംപോർട്ട് ചെയ്യാൻ കുറെ കാലതാമസം വന്നതുകൊണ്ടാണു് പണി പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായതു്. കാലതാമസംകൂടാതെ പൂർത്തിയാക്കുന്നതാണു്.

Appendix II

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please see answer to Starred Question No. 939 (3)]

കേരള ഹോസ്പിറ്റൽ നേഴ്സസ് അസോസിയേഷൻ ഗവണ്മെൻറിലേക്ക് സമർപ്പിച്ച 16-12-1963-ലെ മെമ്മൊറാണ്ടത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങളുടെ പട്ടിക.

1. കേരള ഗവണ്മെൻറ് സർവ്വീസിലുള്ള നേഴ്സുമാരുടെ ശമ്പള സ്കെയിൽ മദിരാശിയിൽ നിന്നും അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള നേഴ്സുമാരുടെ ശമ്പള സ്കെയിലിനു തുല്യമാക്കുക.

2. പ്രമോഷൻറെ കാര്യത്തിൽ നിലവിലുള്ള അനുപാതക്രമം 1:7 എന്നതിൽ നിന്നും 1:3 എന്നാക്കി പരിഷ്ക്കരിക്കുക.

3. പോസ്റ്റ് സർട്ടിഫിക്കറ്റ് യോഗ്യതയുള്ള നേഴ്സുമാരെ നേഴ്സിംഗ് സ്കൂളുകളിൽ ടീച്ചിംഗ് പോസ്റ്റിൽ ഉടനടി നിയമിച്ച്, മറ്റ് സീനിയർ നേഴ്സുമാർക്ക് ഉയർന്ന തസ്തികകളിലേക്ക് പ്രമോഷൻ കിട്ടുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.

LIBRARY ARCHIVES Kerala Legislative Assembly